**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4605** **10-08-2021 - ൽ മറുപടിയ്ക്ക്**

**ടൂവീലറിന്റെ പിൻസീറ്റിലിരിക്കുന്നവർ ഹെൽമെറ്റ് ധരിക്കാത്തതിനുള്ള പിഴ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ട് 2019 സെക്ഷൻ 129 പ്രകാരം ടൂവീലർ യാത്രികരിൽ പിൻസീറ്റിലിരിക്കുന്നയാൾ ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുൻ യു.ഡി.എഫ്. സർക്കാർ യാത്രികരുടെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇതിന് ഇളവ് അനുവദിച്ചിരുന്നോ; | (ബി) | ഇതു സംബന്ധിച്ച് ഔദ്യോഗികമായി ഉത്തരവുകൾ നൽകിയിട്ടില്ല. |
| (സി) | നിയമലംഘകരിൽ നിന്ന് പിഴ പിരിച്ച് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനായി, കേരള ഹൈക്കോടതിയുടെ നിർദ്ദേശം ധൃതിപിടിച്ച് സർവ്വ മാർഗ്ഗങ്ങളും അവലംബിച്ച് നടപ്പിലാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (സി) | മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 129-ന്റെ അടിസ്ഥാനത്തിൽ ആണ് വാഹനം ഓടിക്കുന്നവർക്കും, പിൻസീറ്റ് യാത്ര ചെയ്യുന്നവർക്കും ഹെൽമെറ്റ് നിർബന്ധമാക്കിയിട്ടുള്ളത്. ബഹു.ഹൈക്കോടതി യുടേയും, റോഡ് സുരക്ഷയ്ക്കായി ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ചിട്ടുള്ള കമ്മറ്റിയുടേയും നിരന്തരമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പിൻസീറ്റ് യാത്രക്കാരും ഹെൽമറ്റ് ധരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തണമെന്ന് വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ഡി) | നിയമം ലംഘിക്കുന്ന വൃദ്ധരുടെയും കുട്ടികളുടെയും ശാരീരിക ബുദ്ധിമുട്ട് കണക്കിലെടുത്ത്, അവർക്ക് പിഴ ചുമത്തുന്നതിൽ മൃദു സമീപനം ഉണ്ടാകുമോ ; വ്യക്തമാക്കാമോ? | (ഡി) | നിലവിലുള്ള നിയമപ്രകാരം, ഇത്തരം വിഭാഗങ്ങളെ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ